**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **03-02-2026 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് അവസാനിക്കുന്ന 605 കിലോമീറ്റർ ദൈർഘ്യത്തിൽ 9 തീരദേശ ജില്ലകളിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേയ്ക്ക് 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി . ഇതിൽ 508 കിലോമീറ്റർ (43 റീച്ചുകൾ) ആണ് . കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി. നടപ്പിലാക്കുന്നത്. സ്ഥലമേറ്റെടുപ്പിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5824.84 കോടി രൂപയുടെ സാമ്പത്തികാനുമതി നാളിതുവരെ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ 471 കിലോമീറ്റർ തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനും 141 കിലോമീറ്റർ തീരദേശ ഹൈവേയുടെ നിർമ്മാണ ത്തിനുമാണ് ലഭിച്ചിരിക്കുന്നത്.<br><br>സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച 465.545 km (41 റീച്ച്) ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 343.915 km (32 റീച്ച്) ഭാഗത്ത് 4(1) വിജ്ഞാപനവും 251.455 km (21 റീച്ച്) ഭാഗത്ത് 11(1) വിജ്ഞാപനവും 8.575 km (4 റീച്ച്) ഭാഗത്ത് 19(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈവേ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച പ്രവർത്തികളിൽ (14 റീച്ചുകൾ - 141 കിമി) മലപ്പുറം ജില്ലയിൽ 8 കി.മി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ |

| | | | |
|---|---|---|---|
| | | | നടപടികൾ അന്തിമ ഘട്ടത്തിലായ കണ്ണൂർ ജില്ലയിലെ 4.67 കി.മീ ഭാഗത്തിനും കോഴിക്കോട് ജില്ലയിലെ 10.36 കി.മീ ഭാഗത്തിനും സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. ശേഷിക്കുന്ന 117.97 കി.മീ ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. ഭൂമി ഏറ്റെടുക്കൽ അന്തിമഘട്ടത്തിലേക്കെത്തുന്ന ഭാഗങ്ങൾക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേക്ക് കടക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു . |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ വൈപ്പിൻ മണ്ഡലത്തിലെ റീച്ചിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സ്ഥലമെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെയും നിർമ്മിതികളുടെയും വിലനിർണ്ണയ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. |
| (സി) | സ്ഥലമുടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെയും നിർമ്മിതികളുടെയും വിലനിർണ്ണയ പ്രവർത്തികൾ പൂർത്തിയാക്കി ആയത് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് (LAO) സമർപ്പിക്കുകയും. LAO കണക്കാക്കിയ നഷ്ടപരിഹാരതുക അംഗീകരിച്ച് കിഫ്ബിയിൽ നിന്നും ലഭ്യമാക്കി LAO ക്ക് കൈമാറുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് 19(1) പ്രസിദ്ധീകരിച്ച് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ തുടർനടപടികൾ സ്വീകരിക്കാനാകും |

സെക്ഷൻ ഓഫീസർ